ഉത്തരം

(എ) ഉണ്ട്.

(ബി) അല്ല.

(സി, ഡി) അന്വേഷിച്ചുവരുന്നു.

(ഇ) ഒരു കേസ് എടുത്തിട്ടുണ്ട്.

(എഫ്) വിചാരണയിലിരിക്കുകയാണ്.

(ജി) പോലീസ് ഉദ്യോഗസ്ഥൻമാരിൽ നിന്ന് കുറ്റകരമായ അനാസ്ഥ ഉണ്ടായിട്ടില്ലാത്തതുകൊണ്ട് നടപടികൾ എടുത്തില്ല.

രജിസ്ട്രാർ ഓഫീസുകൾ

192. [264] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രജിസ്ട്രാർ ഓഫീസുകൾ തുടങ്ങാനുദ്ദേശമുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ്?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നാളികേര വിലയിടിവ്

193. [266] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര വിലയിടിവുമൂലം കേര കർഷകർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നാളികേര വിലയിടിവിനു ശാശ്വത പരിഹാരം കാണുന്നതിനു വെളിച്ചെണ്ണ ഇറക്കുമതി പൂർണ്ണമായി നിർത്തലാക്കുക, കർഷകരുടെ പേരിലുള്ള റവന്യു റിക്കവറി നടപടി നിർത്തിവയ്ക്കുക, ആയിരം നാളികേരത്തിനു ചുരുങ്ങിയത് മുവായിരം രൂപ നിശ്ചയിച്ചു മുഴുവൻ നാളികേരവും സംഭരിയ്ക്കുക എന്നീ ആവശ്യങ്ങൾ കേര കർഷകർ സംഘടനകൾ ഉന്നയിച്ചിട്ടുള്ളതിൻമേൽ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നാളികേരത്തിന്റെ വില ഇടിവ് നിയന്ത്രിക്കുവാൻ എത്തു പരിധിവരെ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) നാളികേരത്തിന്റെ വില വർദ്ധിപ്പിക്കുന്നതിനു എന്തെങ്കിലും പുതിയ നിർദ്ദേശം ഗവൺമെൻറിന്റെ സജീവ പരിഗണനയിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാളികേര വിലയിടിവിനു പരിഹാരം കാണുന്നതിനുവേണ്ടി താഴെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കൊപ്രയും വെളിച്ചെണ്ണയും ഇറക്കുമതി ചെയ്യരുതെന്നു കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ആസന്നഭാവിയിൽ ഇറക്കുമതി ചെയ്യുന്നതല്ലെന്ന് ഉറപ്പു വാങ്ങുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

2. താങ്ങുവില പ്രഖ്യാപിച്ച് കൊപ്രാ സംഭരണം നടത്തുന്നതിനു വേണ്ടി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിന് സമർപ്പിച്ചു അംഗീകാരം വാങ്ങി.

3. കഡിൻറലിനു 1,200 രൂപ മിനിമം വില നിശ്ചയിച്ച് കൊപ്ര സംഭരണം നടത്തി വരുന്നു.

4. പാമോയിൽ വിതരണം നിറുത്തുന്നതിനുപകരം സബ്സിഡി നിരക്കിൽ വെളിച്ചെണ്ണ വിതരണം നടത്തിവരുന്നു. കൂടുതൽ സംഭരണ കേന്ദ്രങ്ങൾ തുറന്നുവരുന്നു.

(സി) നാളികേരത്തിൻറെ വിലയിടിവ് തടയാൻ കഴിഞ്ഞു. മാത്രമല്ല, ഏറ്റവും കൂടുതൽ നാളികേരം കിട്ടുന്ന ഇപ്പോൾ വില വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു.

(ഡി) കൂടുതൽ സംഭരണകേന്ദ്രങ്ങൾ തുറന്നുവരുന്നു.

(ഇ) പ്രധാനമായും പ്രാഥമിക സഹകരണസംഘങ്ങളെയാണ് കൊപ്ര സംഭരണത്തിനായി നിയോഗിക്കുന്നത്.

സിവിൽസപ്ലൈസ് കോർപ്പറേഷൻ എംപ്ലോയീസ് സംയുക്ത സമരസമിതി നടത്തിയ കൂട്ട ധർണ

194. [267] [ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ എംപ്ലോയീസ് സംയുക്ത സമരസമിതിയുടെ ആഭിമുഖ്യത്തിൽ കോർപ്പറേഷൻറെ പാലക്കാട് റീജിയണൽ ഓഫീസിൻറെ മുൻപിൽ ജീവനക്കാർ നടത്തിയ കൂട്ട ധർണ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ധർണയ്ക്ക് ആസ്പദമായി ഉന്നയിച്ചിട്ടുള്ള അടിയന്തിരാവശ്യങ്ങൾ എന്തൊക്കെയാണെന്നും, അതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ജീവനക്കാരുടെ ആവശ്യങ്ങളിൻമേൽ ഗവൺമെൻറിൻറെ പ്രതികരണം എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ശമ്പള പരിഷ്ക്കരണം, ഇടക്കാലാശ്വാസം, പ്രമോഷൻ സാദ്ധ്യത എന്നിവയാണ് പ്രധാന ആവശ്യങ്ങൾ. ജീവനക്കാരുടെ ആവശ്യങ്ങൾ കോർപ്പറേഷൻറെ പരിഗണനയിലാണ്.

കേന്ദ്രനിരക്കിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യ സാധനങ്ങൾ

195. [268] [ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രത്തിൽനിന്നും ഇന്ന് സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യസാധനങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇതിൻറെ അളവെത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly